# സൂത്രധാരൻ പോകുന്നു

**അടുത്തിടെ വിടപറഞ്ഞ പ്രമുഖ നാടക കലാകാരൻ പ്രശാന്ത് നാരായണനെക്കുറിച്ച്**

**ആർ.എസ്. കുറുപ്പ്**


രംഗത്തുനിന്നു പോയാലും നാടകാവതരണത്തെ നിയന്ത്രിച്ചുകൊണ്ട് അണിയറയിൽത്തന്നെ ഉണ്ടാവും സൂത്രധാരൻ എന്നു കാണികൾക്കറിയാം. പക്ഷേ, ഇവിടെ നാടകം നടന്നുകൊണ്ടിരിക്കെ സൂത്രധാരൻ കൊട്ടക വിട്ടുപോയിരിക്കുന്നു. വലിയ നട്ടുവന്റെ ആജ്ഞ, അത് അലംഘനീയമാണല്ലോ.

ഉച്ചവാർത്ത കേൾക്കാൻ ടി.വി തുറന്നതാണ്. അടിപിടി മസാല ചിത്രങ്ങളൊരുക്കി കേരള രാഷ്ട്രീയം ആസ്വാദകരെ കാത്തിരിക്കുകയാണല്ലോ. പക്ഷേ, കേട്ടത് നാടക പ്രവർത്തകനായ പ്രശാന്ത് നാരായണൻ നിര്യാതനായി എന്നാണ്. അൻപത്തൊന്നു വയസ്സ്, ശ്വാസകോശ സംബന്ധമായ അസുഖമായിരുന്നു. കേട്ടപാതി കേൾക്കാത്ത പാതി ഞാൻ ടി.എം. എബ്രഹാമിനെ വിളിച്ചു, അദ്ദേഹം വഴിയാണ് ഞാൻ പ്രശാന്ത് നാരായണനിലേക്കെത്തിയത്. സ്തബ്ധനായിപ്പോയ എബ്രഹാം മാഷ് തിരിച്ചുവിളിക്കാമെന്നു പറഞ്ഞു. അൽപ്പസമയത്തിനകം തന്നെ തിരിച്ചുവിളിച്ച ടി.എം. പറഞ്ഞു നാലഞ്ചു ദിവസം മുൻപ് പ്രശാന്തിനെ കണ്ടിരുന്നുവെന്ന്. അയാൾ അതീവ ക്ഷീണിതനായിരുന്നു. ഷുഗർ 450-ൽ നിൽക്കുകയാണ് എന്തു ചെയ്തിട്ടും കുറയുന്നില്ല എന്നൊക്കെ പറഞ്ഞുവത്രേ. ടി.എം. ആകെ അസ്വസ്ഥനായിരുന്നു. സുദീർഘമായ ഒരു ഗുരുശിഷ്യ ബന്ധമായിരുന്നല്ലോ അവർക്കു തമ്മിൽ ഉണ്ടായിരുന്നത്.

ഈ നൂറ്റാണ്ടാദ്യം മുതൽ ഞാൻ എറണാകുളത്തെ സമാന്തര നാടകവേദിയുമായി ബന്ധപ്പെടാൻ തുടങ്ങിയിരുന്നു. ടി.എം. എബ്രഹാമിന്റേയും ചന്ദ്രദാസന്റേയും നാടകങ്ങൾ പതിവായി കാണാൻ പോയി. അതായിരുന്നു തുടക്കം. കണ്ട നാടകങ്ങളെക്കുറിച്ച് കുറിപ്പുകളെഴുതേണ്ടി വന്നു ചിലപ്പോഴൊക്കെ. അതിനു നാടകം രംഗത്ത് കണ്ടാൽ മാത്രം പോരാ. നാടകശാസ്ത്രഗ്രന്ഥങ്ങൾ വായിച്ചാലും പോരാ. നാടകം രൂപം കൊള്ളുന്നതെങ്ങനെയെന്നു കണ്ടു മനസ്സിലാക്കണം റിഹേഴ്സൽ കാണണം എന്നർത്ഥം. അങ്ങനെ സുഹൃത്തുക്കളായ സംവിധായകരുടെ റിഹേഴ്സൽ ക്യാമ്പുകളിൽ സമയം കിട്ടുമ്പോളൊക്കെ പോകാൻ തുടങ്ങി. നാടകത്തിന്റെ കാര്യത്തിൽ ഞാൻ കാണിച്ച ഈ താല്പര്യമാണ്

കേന്ദ്ര സംഗീത നാടക അക്കാദമി നടത്തിയ യുവ നാടകോത്സവത്തിൽ എന്നെ ഒരു ക്ഷണിതാവാകുവാൻ ടി.എം. എബ്രാഹാമിനെ പ്രേരിപ്പിച്ചത്.

പങ്കെടുത്തിരുന്നില്ലെങ്കിൽ അത് ഒരു വലിയ നഷ്ടമാകുമായിരുന്നു. വളരെയധികം പ്രത്യേകതകളുള്ള ഒരു നാടകം, ഈ നൂറ്റാണ്ടിൽ മലയാളത്തിലുണ്ടായ ഏറ്റവും മികച്ച നാടകങ്ങളിലൊന്ന് അവിടെ കാണാൻ കഴിഞ്ഞു, ഛായാമുഖി. എല്ലാ നാട്ടിലും പ്രചാരത്തിലുണ്ടല്ലോ മഹാഭാരത കഥാപുരുഷരെ പാത്രങ്ങളാക്കിക്കൊണ്ടുള്ള പഴങ്കഥകൾ. അത്തരമൊരു മറാത്തി നാടോടിക്കഥയാണ്, നോക്കുമ്പോൾ നോക്കുന്ന ആളിന്റെ പ്രതിബിംബത്തിനു പകരം അയാളുടെ മനസ്സ്, എന്നുവെച്ചാൽ അയാൾ ഏറ്റവും ഇഷ്ടപ്പെടുന്ന വ്യക്തി അല്ലെങ്കിൽ വസ്തു തെളിഞ്ഞുകാണുന്ന ഛായാമുഖി എന്ന കണ്ണാടിയുടേത്. ഞങ്ങൾക്ക് എന്നു പറഞ്ഞാൽ എന്റെ തലമുറയിൽപ്പെട്ട സിനിമാപ്രേമികൾക്ക് ഈ കഥ അപരിചിതമായിരുന്നില്ല. മായാബസാർ എന്ന തെലുങ്ക് - തമിഴ് സിനിമയിൽ ഈ കണ്ണാടിയുടെ കഥ ഉണ്ടായിരുന്ന സിനിമയിലെ ഹാസ്യത്തിന്റെ വിഭവങ്ങളിൽ ഒന്നായി. പക്ഷേ, ഛായാമുഖി നാടകം ഈ പഴങ്കഥയെ കൈകാര്യം ചെയ്ത രീതി തമിഴ് സിനിമാക്കാർക്കു സ്വപ്നം കാണാൻ പോലും കഴിയുന്നതായിരുന്നില്ല. ഈ കഥയിൽ നിന്നു പ്രേക്ഷകന് എന്നും ഓർത്തിരിക്കാവുന്ന ഒരു ഗംഭീര ദൃശ്യാനുഭവം നിർമ്മിച്ച അതിന്റെ സംവിധായകൻ പ്രശാന്ത് നാരായണൻ എന്ന ചെറുപ്പക്കാരൻ.



● പ്രശാന്ത് നാരായണൻ / ഫോട്ടോ: കണ്ണൻ സൂരജ്

## ഛായാമുഖി കാലം

കഥകളിയും മറ്റു സാമ്പ്രദായിക കലാരൂപങ്ങളും രംഗാവിഷ്കാരത്തിൽ ഉപയുക്തമാക്കിയിട്ടുണ്ട് പ്രശാന്ത്. പക്ഷേ, ഒന്നും മറ്റുചില ആധുനിക നാടകങ്ങളിൽ സംഭവിക്കാറുള്ളതുപോലെ മുഴച്ചു നിൽക്കുന്നുണ്ടായിരുന്നില്ല, നാടകഗാത്രവുമായി സാർത്ഥകമായി ലയിച്ചുചേർന്നിരുന്നു. രണ്ടു പതിറ്റാണ്ടിനു ശേഷവും ഞാൻ ഓർത്തിരിക്കുന്ന ഒരു രംഗമുണ്ട്: ഹിഡുംബിയുടെ പ്രവേശം അല്ല പുറപ്പാട് എന്നുതന്നെ പറയണം. കാരണം കഥകളിയിലെ പുറപ്പാട് തന്നെയാണ് രംഗത്ത് അവതരിപ്പിച്ചിരിക്കുന്നത്, അതിനനുയോജ്യമായ വാദ്യമേളങ്ങളോടെ. ഭീകരമായ ഒരു രാക്ഷസീരൂപം - ഭാരത പുനരാഖ്യാനങ്ങൾക്കും പൊളിറ്റിക്കൽ കറക്റ്റ്നെസ്സിനും മറ്റും മുൻപ് ഞങ്ങൾ നാട്ടിൻപുറത്തുകാർ മനസ്സിൽ കൊണ്ടുനടന്നിരുന്ന ഹിഡുംബി രാക്ഷസിയുടെ രൂപം, ഉച്ചസ്ഥായിയിലുള്ള വാദ്യമേളങ്ങളോടെ പ്രവേശിക്കുന്നു. ആ രൂപത്തിൽനിന്ന് ഒരു ശ്യാമസുന്ദരി ഇറങ്ങിവരുന്നതിന്റെ അന്യാദൃശ ചാരുത എനിക്കിപ്പോഴും മനസ്സിൽ കാണാൻ കഴിയും.

ആവിഷ്കാരരീതി മാത്രമല്ല, നാടകത്തിന്റെ ഉള്ളടക്കവും അത്യാകർഷകമായിരുന്നു. പഴങ്കഥയുടെ സന്ദേശം എന്തുമാവട്ടെ, തിരിച്ചുകിട്ടാത്ത സ്നേഹം സൃഷ്ടിക്കുന്ന വ്യഥ ഒരു മൂർത്തമായ അനുഭവമാക്കി മാറ്റാൻ പ്രശാന്തിനു കഴിഞ്ഞു. യഥാർത്ഥ സ്നേഹം മരണംകൊണ്ട് ഇല്ലാതാവുന്നില്ല എന്ന സന്ദേശം തീരെ പ്രതീക്ഷിക്കാത്ത ഒരിടത്തുനിന്നാണ് പ്രേക്ഷകനു ലഭിക്കുന്നത്. അനന്യമായ സർഗ്ഗശക്തിയുണ്ട് പ്രശാന്തിന് എന്നു വ്യക്തം. നമ്മൾ സ്നേഹിക്കുന്നവരെയല്ല നമ്മളെ സ്നേഹിക്കുന്നവരെയാണ് ഗൗരവത്തിലെടുക്കേണ്ടത് എന്ന സന്ദേശം അനുക്തമായി ഇവിടെയുണ്ട്.

ഈ നാടകത്തെക്കുറിച്ച പിറ്റേദിവസം രാവിലെ നടന്ന ചർച്ചയിലും ഞാൻ ഒരു പുതുവിശ്വാസിയുടെ അമിതോത്സാഹത്തോടെ പങ്കെടുത്തു. പരമ്പരാഗത ദൃശ്യകലകളുടെ സന്നിവേശത്തിൽ പ്രകടമായ സംവിധാന വൈദഗ്ധ്യത്തെക്കുറിച്ചൊക്കെ ഞാൻ വാചാലനായി. കൂട്ടത്തിൽ ഇത്രയും കൂടി പറഞ്ഞു: “ഭാരതപ്പുഴയുടെ തീരത്തു



Scanned with OKEN Scanner

മാത്രമല്ല, അഷ്ടമുടിക്കായലിന്റെ തീരത്തും ക്ലാസ്സിക്കുകളുണ്ടാവും." ഒരു ചെറുപ്പക്കാരൻ തിരുത്തി. "അഷ്ടമുടിക്കായലല്ല സാർ വെള്ളായണിക്കായൽ." അതാണ് പ്രശാന്ത് നാരായണൻ എന്ന് ടി.എം. പറഞ്ഞുതന്നു. ഇപ്പോൾ പടങ്ങളിൽ കാണുന്നപോലെ കട്ടിക്കൂതാവുള്ള കൊമ്പൻ മീശക്കാരനല്ല സുമുഖനായ വരമീശക്കാരൻ യുവാവ്. അയാളുടെ അച്ഛൻ വലിയ കഥകളി ആസ്വാദകനാണെന്നും അദ്ദേഹം മകനെ ചെറുപ്പത്തിൽ കഥകളി അഭ്യസിപ്പിച്ചിട്ടുണ്ടെന്നും ടി.എം. പറഞ്ഞു. ഈ പ്രശാന്ത് തന്നെ തന്റെ പതിനേഴാം വയസ്സിൽ ഒരു ആട്ടക്കഥയെഴുതി ചിട്ടപ്പെടുത്തിയിട്ടുണ്ടത്രെ. നാടകം മാത്രമല്ല, കഥകളുമെഴുതും. പത്രപ്രവർത്തനരംഗത്തും പയറ്റിയിട്ടുണ്ട്. വീണ്ടും കാണാമെന്നു പറഞ്ഞു പിരിയുന്നതിനു മുൻപ് നേരിട്ടഭിനന്ദിക്കാൻ ഞാൻ മറന്നില്ല.

പ്രശാന്ത് നാരായണൻ എന്ന നാടകക്കാരന്റെ വളർച്ചയുടെ നാളുകളായിരുന്നു പിന്നെ. ഛായാമുഖി മോഹൻലാൽ മുകേഷ് കൂട്ടുകെട്ട് ഇന്ത്യ മുഴുവൻ അവതരിപ്പിച്ചു. സ്വന്തമായി ചെയ്ത നാടകങ്ങളാണ് പ്രശാന്തിനെ കൂടുതൽ പ്രശസ്തനാക്കിയത്. മകരധ്വജൻ, മണികർണ്ണിക, അരച്ചരിതം അങ്ങനെ അങ്ങനെ ഏറ്റവും ഒടുവിൽ എം.ടി. കഥാപാത്രങ്ങളെ അണിനിരത്തിയ മഹാസാഗരം.

എനിക്ക് ഇതൊക്കെ കേട്ടറിയാനേ കഴിഞ്ഞുള്ളൂ. അന്നു കണ്ടു പിരിഞ്ഞതിൽപ്പിന്നെ കാണാനേ കഴിഞ്ഞില്ല.

തീരെ അപ്രതീക്ഷിതമായി പ്രശാന്ത് എന്നെ ഒരു ദിവസം വിളിച്ചു. താൻ ഒരു പ്രമുഖ വാരികയിൽ ഒരു കോളം ചെയ്തിരുന്ന 'നാടക ടിക്കറ്റ്' എന്ന പേരിൽ. അതൊരു പുസ്തകമാക്കിയിട്ടുണ്ട് അതേ പേരിൽ. ഒരു കോപ്പി അയക്കാം വായിച്ച് അഭിപ്രായം പറയണം.

നിരന്തര യാത്രകളും ലോക്ക്ഡൗണും എന്നെ നാടകത്തിൽ നിന്നകറ്റിയിരുന്നു. നാടകവേദി തന്നെ നിശ്ചലമായിരുന്നല്ലോ അക്കാലത്ത്. പ്രശാന്തിനെപ്പോലെ നാടകവുമായി സജീവബന്ധം പുലർത്തുന്ന ഒരാൾ എഴുതിയ പുസ്തകം വായിക്കുന്നത് നന്നായിരിക്കുമെന്ന് എനിക്കു തോന്നി.

പുസ്തകം ഞാൻ പ്രതീക്ഷിച്ചതിനേക്കാൾ ഉൾക്കനമുള്ളതായിരുന്നു. നാടക ടിക്കറ്റ് എന്ന അനാകർഷകമെന്നു തോന്നുന്ന പേര് തന്നെ അർത്ഥഗർഭമായിരുന്നു. കാരണം ടിക്കറ്റ് ഒരു കൊട്ടകയെ സൂചിപ്പിക്കുന്നു. ആദ്യകാല ദൃശ്യകലാപ്രകടനങ്ങൾ, നാടകത്തിന്റെ പ്രാഗ്‌രൂപങ്ങൾ, പൊതുസ്ഥലങ്ങളിലാണ് അവതരിപ്പിക്കപ്പെട്ടിരുന്നത്. വലിയ ജനക്കൂട്ടം കാഴ്ചക്കാരായുണ്ടായിരുന്നു. അവിടെനിന്നു വളച്ചുകെട്ടിയ ഒരു സ്ഥലത്ത് പണം കൊടുത്ത് കയറിക്കാണേണ്ട കലാപ്രകടനങ്ങളായി അവ മാറിയതിനെ സൂചിപ്പിക്കുന്ന നാടക ടിക്കറ്റ് എന്ന വാക്ക്. അതായത് തിയേറ്ററിന്റെ ചരിത്രത്തിന്റെ തുടക്കം. നാട്യശാസ്ത്രത്തിലെ നാട്യഗൃഹനിർമ്മാണവും ഈ വസ്തുതയെത്തന്നെയാണ് സൂചിപ്പിക്കുന്നത്. അവിടുന്നിങ്ങോട്ട് വർത്തമാന കാലംവരെയുള്ള നാടകസംബന്ധിയായ കാര്യങ്ങൾ സരള മലയാളത്തിൽ അദ്ദേഹം വിശദീകരിക്കുന്നു. പുസ്തകത്തെക്കുറിച്ച് വേറെ എഴുതണമെന്നു വിചാരിക്കുന്നതുകൊണ്ട് കൂടുതൽ വിശദീകരിക്കുന്നില്ല. പ്രശാന്ത് നാരായണന്റെ മുഖ്യ സംഭാവനകളിൽ ഒന്നാണ് നാടക ടിക്കറ്റ് എന്നുമാത്രം ഇവിടെ പറയട്ടെ. പുസ്തകത്തെക്കുറിച്ചുള്ള എന്റെ പ്രാഥമിക നിരീക്ഷണങ്ങൾ ഞാൻ പ്രശാന്തുമായി പങ്കുവെച്ചിരുന്നു. കൂടുതൽ സംസാരിക്കണമെന്നുണ്ടെന്നും അതിനുവേണ്ടി വിളിക്കാം എന്നും പ്രശാന്ത് പറഞ്ഞിരുന്നു. ആ ഫോൺ വിളി പ്രതീക്ഷിച്ചിരിക്കുകയായിരുന്നു ഞാൻ. പക്ഷേ...

നാടകവേദിക്കുവേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്യാൻ കഴിയുമായിരുന്ന പ്രതിഭയും പാണ്ഡിത്യവും പ്രയോഗ വൈദഗ്ധ്യവുമുള്ള പ്രശാന്തിന്. എന്തു ചെയ്യാം, സൂത്രധാരൻ കൊട്ടക വിട്ടുപോകണമെന്നല്ലേ വലിയ നട്ടുവൻ കല്പിച്ചത്! ●


now on sale

THE DIARY OF GULL MOHAMMAD
A Kashmiri Muslim Boy's Journey from Kashmir to Kerala
HUMRA QURAISHI
₹ 895

MARX AND THE ROBOTS
Networked Production, AI and Human Labour
FLORIAN BUTOLLO
₹ 2199

THE MACHINE AGE
An Idea, a History, a Warning
ROBERT SKIDELSKY
₹ 1299

SACRED COWS & CHICKEN MANCHURIAN
The Everyday Politics of Eating Meat in India
JAMES STAPLES
₹ 399

MODERN
mbc bookcentre
info@modernbookcentre.com
Gandari Amman Kovil Road, TRIVANDRUM - 1
Tel: 0471-2331816 / 26




Scanned with OKEN Scanner